**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2750** **13-10-2021 - ൽ മറുപടിയ്ക്ക്**

**കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ വിവിധ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് നൽകിയിരുന്ന സ്കോളർഷിപ്പുകളിൽ മുടങ്ങിക്കിടക്കുന്നവ വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ; | (എ) | കേരള പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ വിവിധ കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് നൽകിയിരുന്ന സ്കോളർഷിപ്പുകൾ മുടങ്ങിയത് ഫണ്ടിന്റെ അഭാവം മൂലമാണ്. പ്രസ്തുത സ്കോളർഷിപ്പ് തുക അനുവദിക്കുന്നതിനായി കോർപ്പറേഷൻ പ്രൊപ്പോസൽ സമർപ്പിക്കുകയും ആയത് ധനകാര്യ വകുപ്പിന്റെ പരിഗണനയിലുമാണ്(ഫയൽ നം എ1/136/2021/പിവിവിവ). |
| (ബി) | 2020-21 വർഷം ഈ സ്കോളർഷിപ്പുകൾ വിതരണം നടത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ? 2020-21 വർഷം കോർപ്പറേഷന് എത്ര തുക അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ; | (ബി) | 2018-19 സാമ്പത്തിക വർഷം മുടങ്ങിക്കിടന്ന സ്കോളർഷിപ്പ് തുക ഇനത്തിൽ 37.13 ലക്ഷം രൂപ 2020-21 ൽ വിതരണം ചെയ്തിട്ടുണ്ട്. കോവിഡ് സാഹചര്യത്തിൽ കുട്ടികളുടെ സർട്ടിഫിക്കറ്റ് ഇനിയും ലഭ്യമാകാനുള്ളത് പരിഗണിച്ച് 2019-2020-ലെ അപേക്ഷകൾ ഹാജരാക്കാനുള്ള അവസാന തീയതി 15.10.2021 വരെയാക്കി ദീർഘിപ്പിച്ചിട്ടുള്ളതും സ്കോളർഷിപ്പ് തുക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ അതിവേഗം സ്വീകരിച്ച് വരുന്നതുമാണ്. കോർപ്പറേഷന്റെ വിവിധ പദ്ധതികൾക്കായി 2020 - 21 സാമ്പത്തിക വർഷം ബഡ്ജറ്റ് വിഹിതമായി 8.50 കോടി രൂപ അനുവദിച്ചിട്ടുമുണ്ട്. |
| (സി) | പ്രസ്തുത തുകയിൽ പരിവർത്തിത ക്രൈസ്തവർക്കും റെക്കമെന്റഡ് കമ്മ്യൂണിറ്റിക്കും എത്ര തുക വീതം വകയിരുത്തിയെന്ന് വ്യക്തമാക്കാമോ; | (സി) | 2018-19 സാമ്പത്തിക വർഷം മുടങ്ങിക്കിടന്ന സ്കോളർഷിപ്പ് തുക ഇനത്തിൽ പരിവർത്തിത ക്രൈസ്തവർക്കായി 926350/- രൂപയും റെക്കമെന്റഡ് കമ്മ്യൂണിറ്റിയ്ക്കായി 2786500/- രൂപയും, 2020-21 വർഷം നൽകിയിട്ടുണ്ട്. |
| (ഡി) | 2021-22 വർഷത്തിൽ പരിവർത്തിത ക്രൈസ്തവ വിഭാഗങ്ങൾക്കായി പ്രത്യേക ക്ഷേമപദ്ധതികളോ ഫണ്ടോ അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ വിശദീകരിക്കാമോ; | (ഡി) | 2021-22 സാമ്പത്തിക വർഷം വിവിധ പദ്ധതികൾക്കായി കോർപ്പറേഷന് 5 കോടി രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഇ) | അൺ - എയിഡഡ് സ്കൂളുകളിലും സ്വാശ്രയ കോളേജുകളിലും പഠിക്കുന്ന ഈ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പുകൾ നൽകുന്നുണ്ടോ; വിശദീകരിക്കാമോ? | (ഇ) | നൽകുന്നുണ്ട്. 2018-19 അദ്ധ്യയന വർഷം വരെയുള്ള അൺ-എയിഡഡ് സ്കൂളുകളിലും, സ്വാശ്രയ കോളേജുകളിലും പഠിക്കുന്ന ഈ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പുകൾ നൽകുകയും തുടർന്നുള്ള വർഷങ്ങളിലെ സ്കോളർഷിപ്പുകൾ നൽകാനുള്ള നടപടിയും സ്വീകരിച്ചു വരുന്നു. കൂടാതെ പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന അൺ-എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഒ.ഇ.സി ലംപ്സം ഗ്രാന്റും, ഫീ റീ - ഇംബേഴ്സമെന്റും പോസ്റ്റ് മെട്രിക്ക് തലത്തിൽ സ്വാശ്രയ കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഇ-ഗ്രാന്റ്സ് ആനുകൂല്യങ്ങളും നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ